"ഭരണഭാഷ മാതൃഭാഷ"

**നമ്പർ.എം.4/534306/2022/ഡിജിഇ.**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി: 16/09/2022.
e-mail : supdtm.dge@kerala.gov.in
*Phone : 0471-2580595*

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം-സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്-തളിര് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത്- സംബന്ധിച്ച്.

സൂചന:- 1. 31/08/2022-ലെ കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ കത്ത്.
2. 14/09/2022 തീയതിയിലെ എം.4/534306/2022/ഡിജിഇ നമ്പർ സർക്കുലർ.

കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 5 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി തളിര് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നതിനായി സൂചന പ്രകാരം അറിയിച്ചിരിക്കുന്നു. പൊതു വിജ്ഞാനം, ആനുകാലികം, സാഹിത്യം, ചരിത്രം, ബാലസാഹിത്യം, തളിര് മാസിക എന്നിവയെ ആസ്പദമാക്കിയാണ് തളിര് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത്. തളിര് വാർഷിക വരിസംഖ്യയായ 200/-രൂപയാണ് രജിസ്ട്രേഷൻ ഫീസ്. രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്കെല്ലാം ഒരു വർഷത്തേയ്ക്ക് തളിര് മാസിക സൗജന്യമായി നൽകുന്നതാണ്. 100-ൽ കൂടുതൽ കുട്ടികൾ രജിസ്റ്റർ ചെയ്യുന്ന സ്കൂളുകളിലെ ലൈബ്രറികൾക്ക് ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ സൗജന്യമായി നൽകുന്നതാണ്. ജൂനിയർ (5,6,7 ക്ലാസ്സുകൾ) സീനിയർ (8,9,10 ക്ലാസ്സുകൾ) വിഭാഗങ്ങളിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. സംസ്ഥാനതല മത്സര വിജയികളെ കൂടാതെ ജില്ലാതല മത്സര വിജയികൾക്കും സ്കോളർഷിപ്പ് അനുവദിക്കും. തളിര് സ്കോളർഷിപ്പിന് അപേക്ഷിക്കാനുള്ള തീയതി 2022 സെപ്റ്റംബർ വരെ നീട്ടാൻ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ സെപ്റ്റംബർ 30 വരെ കുട്ടികൾക്ക് രജിസ്ട്രേഷൻ നടത്താവുന്നതാണ്. കുട്ടികൾക്ക് രജിസ്ട്രേഷൻ രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള ലിങ്ക് ചുവടെ ചേർക്കുന്നു.

https://scholarship.ksicl.kerala.gov.in കൂടുതൽ വിവരങ്ങൾക്ക് 0471-2333790, 8547971483 എന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതുമാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.**

സ്വീകർത്താവ്:-

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2) എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും.
3) എല്ലാ ഹെഡ്മാസ്റ്റർമാർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
4) ഡയറക്ടർ, കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം.

എ.എസ്.